പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4562 — 25.06.2019-ൽ മറുപടിക്ക്

# മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ റിവർ മാനേജ്മെന്റ് ഫണ്ട് എത്ര രൂപയാണുള്ളതെന്ന് അറിയിക്കാമോ; | (എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ 1,60,47,953/- രൂപയാണുള്ളത്. |
| (ബി) പ്രസ്തുത ജില്ലയിൽ 2018-19 വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെലവഴിച്ച തുക, പ്രവൃത്തികൾ എന്നിവ മണ്ഡലം തിരിച്ച് അറിയിക്കാമോ; | (ബി) മലപ്പുറം ജില്ലയിൽ 2018-19 വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും യാതൊരു തുകയും ചിലവഴിച്ചിട്ടില്ല. |
| (സി) വാഴക്കാട്, ചീക്കോട്, വാഴയൂർ ഗ്രാമപഞ്ചായത്തുകളിൽ ചാലിയാറിന്റെ കര ഇടിഞ്ഞ് ഭീഷണിയായിട്ടും അവ കെട്ടി സംരക്ഷിക്കുന്നതിന് വേണ്ടി റിവർ മാനേജ്മെന്റ് ഫണ്ട് ലഭ്യമല്ലാത്തതിന്റെ കാരണം അറിയിക്കാമോ; | (സി) 1) ആർ.എം.എഫ്- മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ BL-6, RS No.85/15 വാഴയൂർ വില്ലേജിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം-എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br>2) വാഴക്കാട് ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിൽ ആമക്കോടിൽ സർവ്വെ നം.23/1-ൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - ആർ.എം. എഫ് വിദഗ്ധ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഉന്നതതല സമിതിയുടെ പരിശോധനയ്ക്ക് ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) വാഴക്കാട്, ചീക്കോട്, വാഴയൂർ പഞ്ചായത്തുകളിൽ ചാലിയാറിന്റെ തീരം കെട്ടി സംരക്ഷിക്കുന്നതിന് മറ്റേതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) 1) SDRF 2019 - മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 9 വീട് നം.205 സി ക്ക് സമീപം (ചാലിയാർ പുഴയുടെ ഇടതുകരയിൽ) കേട്ടു വന്ന ബണ്ടിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ. |

2) SDRF 2019 - മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 5 മണന്തല കടവിൽ (ചാലിയാർ പുഴയുടെ ഇടതുകരയിൽ) കേട്ട വന്ന ബണ്ടിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ - 18 ലക്ഷം രൂപ എന്നീ പ്രവൃത്തികൾ SDRF-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്.

3) NC 2018-എഫ്.സി- മലപ്പുറം ജില്ല യിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 5 റീസർവ്വെ നം.24/2-3, 23/4 ആമക്കോട് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - 30 ലക്ഷം രൂപ എന്ന പ്രവൃത്തി പുരോഗതി യിലാണ്.

4) എഫ്.സി-മലപ്പുറം വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ വാർഡ്-9 - BL-19, RS No.419/1, 419/19 വെട്ടത്തൂർ തെയ്യമ്പാടിയിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - 28 ലക്ഷം രൂപ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ